**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6307** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. എ. പി. അനിൽ കുമാർ , ശ്രീ. ടി. സിദ്ദിഖ്, ശ്രീമതി കെ. കെ. രമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പ്രീമെട്രിക്ക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 5,6,7 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും, ഹൈസ്കൂൾ തലത്തിൽ സയൻസ്, കണക്ക്, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്കും ട്യൂഷൻ കൂടാതെ വിദ്യാർത്ഥികളുടെ രാത്രികാല പഠന മേൽനോട്ടത്തിനായി ഓരോ ഹോസ്റ്റലിലും റസിഡന്റ് ട്യൂട്ടർമാരെയും, പ്രീപ്രൈമറി വിദ്യാർത്ഥികൾക്കായി മെന്റർ ടീച്ചർമാരെയും നിയമിച്ചിട്ടുണ്ട്. S.S.L.C, +2 പരീക്ഷകൾക്ക് മുൻപായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റെസിഡൻഷ്യൽ കോച്ചിംഗ് ക്യാംപ്, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക്ക് പ്രത്യേക പരിശീലനം, ബി.ടെക് കോഴ്സ് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ്, ബിടെക് കോഴ്സ് പൂർത്തീകരിക്കാത്തവരോ, പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളതോ ആയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി.യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി "സമുന്നതി" എന്ന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ